ഉത്തരം

(എ) കാട്ടുതീമൂലം അടിക്കാടുകളും പുല്ലുകളുമാണ് കൂടുതലായി കത്തി നശിച്ചിട്ടുള്ളത്. തുടർന്നുവന്ന മഴയിൽ ഇത് കിളിർത്ത് വന്നതുകൊണ്ട് വനഭൂമി ഒന്നും തന്നെ നശിച്ചുപോയിട്ടില്ല.

(ബി) ഈ കാലയളവിൽ ഉണ്ടായ കാട്ടുതീമൂലം സംസ്ഥാനത്ത് ആകെ 4,06,400 രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

നേര്യമംഗലത്തെ വനംകൊള്ള

112 [1246] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
„ കെ. മോഹൻകുമാർ:
„ എം. എ. ചന്ദ്രശേഖരൻ:
„ എ. കെ. മണി:
„ കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട നേര്യമംഗലം വനപ്രദേശത്ത് വൻതോതിൽ വനംകൊള്ള നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് വനംകൊള്ള നടന്നതെന്നും എന്തെല്ലാം തടികളാണ് മോഷണം പോയതെന്നും ഇതുമൂലം എന്ത് നഷ്ടമുണ്ടായി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വനംകൊള്ളയ്ക്ക് 6 മാസം മുതൽ 5 വർഷം വരെ പഴക്കം ഉണ്ട്. 2004 ജൂൺ മാസം നടത്തിയ പരിശോധനയിൽ തേക്ക്, ഈട്ടി ഇനത്തിൽപ്പെട്ട ഇരുപത്തിനാല് മരങ്ങൾ അനധികൃതമായി മുറിച്ചുമാറ്റിയതായി കണ്ടെത്തുകയുണ്ടായി. ഇതുമൂലം സർക്കാരിന് 2,43,879 രൂപയുടെ നഷ്ടമുള്ളതായി കണക്കാക്കിയിട്ടുണ്ട്.

പൊന്തൻപുഴ വനവുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധിയും റോഡുനിർമ്മാണവും

113 [1247] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
„ വി. ജെ. പൗലോസ്:
„ ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്തൻപുഴ വനം ഏതെങ്കിലും സ്വകാര്യ വ്യക്തിയുടേതാണെന്ന് സുപ്രീംകോടതി വിധി പ്രഖ്യാപിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത വിധിയുടെ വിശദാംശം നൽകുമോ;

(സി) ഈ വിധിയുടെ മറവിൽ പ്രസ്തുത വനത്തിൽ കയ്യേറ്റമുണ്ടായിട്ടുണ്ടോ;

(ഡി) ഈ വനത്തിൽ കൂടി റോഡ് നിർമ്മിക്കുന്നുണ്ടോ;

(ഇ) എങ്കിൽ എന്തിനുവേണ്ടിയെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 'എ'-യിലെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി ആന്റ് ഇ) റോഡ് നിർമ്മിക്കുന്നില്ല. എന്നാൽ ഇക്കോടൂറിസം പദ്ധതിയുടെ ഭാഗമായി 3 നടപ്പാതകൾ ഒരുക്കിയിട്ടുണ്ട്. പൊന്തൻപുഴ വനത്തിലെ ഊട്ടുപാറയിൽ നിന്നും പ്രകൃതിഭംഗി ആസ്വദിക്കുന്നതിന് സന്ദർശകരുടെ സൗകര്യാർത്ഥം ഒരുക്കിയിട്ടുള്ളതാണ് മേൽ നടപ്പാതകൾ.

വലിയകാവ്-പൊന്തൻപുഴ വനമേഖയിലൂടെയുള്ള റോഡു നിർമ്മാണം

114 [1248] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട-കോട്ടയം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന വലിയകാവ്-പൊന്തൻപുഴ വനമേഖലയിലെ നിബിഡവനത്തിലൂടെ വനംവകുപ്പിന്റെ ആഭിമുഖ്യത്തിൽ റോഡ് വെട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കിലോമീറ്റർ റോഡ് എത്ര മീറ്റർ വീതിയിലാണ് നിർമ്മിച്ചിട്ടുള്ളത്;

(സി) ഇതിന്റെ തുടക്കവും അവസാനവും എവിടെയാണ്;

(ഡി) ഈ റോഡ് നിർമ്മിക്കുന്നതിനായി ഏത് പദ്ധതിപ്രകാരം എത്ര രൂപയാണ് വനംവകുപ്പ് ചെലവഴിച്ചിട്ടുള്ളത്; റോഡ് നിർമ്മാണം സംബന്ധിച്ച് മാധ്യമങ്ങളിൽ ആരോപണങ്ങൾ വന്നിട്ടുണ്ടോ എന്നും എങ്കിൽ ആരോപണങ്ങളുടെ നിജസ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(ഇ) സാധാരണ ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ അതതു പ്രദേശത്തെ വനസംരക്ഷണ സമിതികളെക്കൂടി ഇതിൽ പങ്കെടുപ്പിക്കാറുണ്ടോ എന്ന് അറിയിക്കാമോ;

(എഫ്) ഈ റോഡു നിർമ്മാണം ബന്ധപ്പെട്ട വനസംരക്ഷണ സമിതികളെ അറിയിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly